"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.979/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.1544/2014/തസ്വഭവ തീയതി 19.06.2014

2 സ.ഉ.( സാധാ ) നം.2350/2014/തസ്വഭവ തീയതി 05.09.2014

3 സ.ഉ.( സാധാ ) നം.2520/2014/തസ്വഭവ തീയതി 26.09.2014

4 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.09.2014-ലെ ഇ5(എസ് സി 52/14/കെടിഎം) 17335/2014 നമ്പർ കത്ത്

5 സർക്കാരിന്റെ 22.12.2016-ലെ 79096/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

6 സർക്കാരിന്റെ 23.05.2018-ലെ 79096/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7 ശ്രീ. ജോൺ കെ. തോമസ് സമർപ്പിച്ച 17.07.2018-ലെ പ്രതിവാദ പത്രിക

8 പഞ്ചായത്ത് ഡയറക്ടറുടെ 12.09.2018-ലെ ഡി5-36554/2014 നമ്പർ കത്ത്

9 സ.ഉ.(സാധാ) നം.252/2019/തസ്വഭവ തീയതി 04.02.2019

10 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.03.2019-ലെ എവിഎസ്- 7469/2014 നമ്പർ റിപ്പോർട്ട്

11 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 30.01.2020-ലെ എ1-3/63/2019-കെ.പി.എസ്.സി. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കുരോപ്പട ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.06.2014-ൽ കൈക്കൊണ്ട തീരുമാനങ്ങളെല്ലാം നിയമവിരുദ്ധമായതിനാൽ ആയത് റദ്ദ് ചെയ്ത് നിയമവിരുദ്ധ നടപടികൾക്ക് കൂട്ടുനിന്ന സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിലെ ഒമ്പതംഗങ്ങൾ സർക്കാർ മുൻപാകെ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനങ്ങൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച്, ക്രമക്കേടുകൾക്ക് കാരണമായ തീരുമാനങ്ങൾ റദ്ദ് ചെയ്ത് വിഷയം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാനിൽ റെഫർ ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ശ്രീ. ജോൺ കെ. തോമസിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാനെതിരായ ആരോപണങ്ങളിന്മേൽ സമഗ്രാന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം ( 2 ) പ്രകാരം ഉത്തരവായിരുന്നു. ശ്രീ. ജോൺ കെ. തോമസ് സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (3) പ്രകാരം സേവനത്തിൽ പുന: പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

ഇതേ സമയം കുരോപ്പട ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ന്യൂ മേരി മാതാ ക്രഷർ യൂണിറ്റിന് പാറമട പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെ 2.12.2013-ൽ ശ്രീ. കെ.ജെ. തോമസ് എന്നയാളിൽ നിന്നും 400/- രൂപ

കൈപ്പറ്റി ഡി & ഒ ലൈസൻസ് ചട്ടങ്ങൾ ലംഘിച്ച് രസീത് നൽകി പ്രവർത്തനാനുമതി നൽകിയെന്ന് കണ്ടെത്തുകയും പഞ്ചായത്ത് ഭരണസമിതിയിൽ നിയമപരമായ അഭിപ്രായം രേഖപ്പെടുത്താതിരുന്നത് സെക്രട്ടറിയായ ശ്രീ. ജോൺ കെ. തോമസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ ജോൺ കെ. തോമസിനെതിരെ പരാമർശം (5) പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. ജോൺ കെ. തോമസ് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ. എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 6 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ജോൺ കെ. തോമസ് പരാമർശം (7 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (8 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. ജോൺ കെ. തോമസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (9 ) പ്രകാരം കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (10) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കുരോപ്പട ഗ്രാമപഞ്ചായത്തിൽ ലൈസൻസ് സംബന്ധിച്ച ഫയലുകൾ എല്ലാം കൈകാര്യം ചെയ്തിരുന്നത് സെക്ഷൻ ക്ലാർക്കായിരുന്നുവെന്നും എന്നാൽ പാറമടയ്ക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്നത് സെക്രട്ടറി നേരിട്ടായിരുന്നുവെന്നും, 24.05.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കാമെന്നുള്ള തീരുമാനം നിലനിൽക്കെ 03.06.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള തെറ്റായ തീരുമാനം എടുത്തപ്പോൾ പഞ്ചായത്തിന്റെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി അതിനെ അനുകൂലിക്കുകയാണ് ചെയ്തതെന്നും പാറമടയ്ക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലുള്ള WPC No. 11464/14 കേസ് നടത്തുന്ന അഭിഭാഷകൻ ശ്രീ. അശോക് എം. ചെറിയാനിൽ നിന്നല്ലാതെ മറ്റൊരു അഭിഭാഷകനായ ശ്രീ. സുരേഷ് മേനോനിൽ നിന്നും നിയമോപദേശം തേടിയത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെയാണെന്നും, 17 അംഗങ്ങൾ ഉള്ള ഭരണ സമിതിയിൽ 1 6 പേരാണ് ഹാജർ ബുക്ക് പ്രകാരം 03.06.2014-ലെ കമ്മിറ്റിയിൽ പങ്കെടുത്തതെന്നും ആയതിൽ 1 3 പേർ 10.30-ന് തന്നെ ഹാജർ ഉണ്ടെന്ന് ഹാജർ ബുക്ക് പ്രകാരം കാണുന്നുവെന്നും എന്നാൽ ലൈസൻസ് സംബന്ധിച്ച ചർച്ച ചെയ്യുകയും തീരുമാനം എടുക്കുകയും ചെയ്തപ്പോൾ 8 അംഗങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത് എന്നാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും 03.06.2014-ലെ യോഗ തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമവിരുദ്ധമാണെന്ന് കണ്ട് കേരള പഞ്ചായത്ത് രാജ് ആക്ട് 19 (4) പ്രകാരം 19.06.2014-ലെ സ.ഉ(സാധാ) നം.1544/2014 തസ്വഭവ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്യുകയുണ്ടായിയെന്നും ഇതു പാറമടയ്ക്ക് ലൈസൻസ് അനുവദിച്ചുകൊണ്ട് ഭരണസമിതി തീരുമാനമെടുത്തപ്പോൾ അനുകൂല നിലപാട് കൈക്കൊണ്ട സെക്രട്ടറിയുടെ നടപടി തെറ്റായിരുന്നുവെന്ന് തെളിയിക്കുന്നതാണെന്നും സർക്കാരിന്റെ 21.02.2014-ലെ സ.ഉ.(കൈ) നം.02/2014/Envtl. ഉത്തരവ് പ്രകാരമുള്ള State Environmental Impact Assessment Authority-യിൽ നിന്നുള്ള പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടില്ലെന്നും 23.05.2014- ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കാനുള്ള തീരുമാനം നിലനിൽക്കെ 03.06.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള തെറ്റായ തീരുമാനമെടുത്തപ്പോൾ പഞ്ചായത്തിന്റെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി അതിന് അനുകൂലമായ സമീപനം സ്വീകരിച്ചതും, പാറമടയ്ക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈകോടതിയിലുള്ള WPC 11464/14 കേസ് നടത്തുന്ന അഭിഭാഷകൻ ഉണ്ടായിരിക്കെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെ മറ്റൊരു അഭിഭാഷകനിൽ നിന്നും നിയമോപദേശം തേടിയതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

തുടർന്ന് ശ്രീ. ജോൺ കെ. തോമസിനെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു. ക്വാറി ലൈസൻസുമായി ബന്ധപ്പെട്ട ഫയൽ പലപ്പോഴും കേസ് സംബന്ധമായ കാര്യങ്ങൾക്കായി കേസ് നടത്തിയിരുന്ന അഡ്വക്കേറ്റിന്റെ പക്കലും ചില അവസരങ്ങളിൽ ജില്ലാ കളക്ടർക്ക് അടിയന്തര റിപ്പോർട്ട് നൽകേണ്ടതിനാൽ പ്രസിഡന്റിന്റെയും മറ്റു ചിലപ്പോൾ സെക്രട്ടറിയുടെയും പക്കലും മറ്റു അവസരങ്ങളിൽ സെക്ഷൻ ക്ലാർക്കിന്റെ പക്കലുമായിരുന്നുവെന്നും, പഞ്ചായത്ത് ഡി & ഒ ലൈസൻസിനായി പാരിസ്ഥിതികാനുമതി നിർദ്ദേശിക്കാനുള്ള മതിയായ അധികാരിയല്ലെന്നും 24.05.2014-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട സമയത്ത് തന്നെ 21.02.2014-ലെ സ.ഉ. (കൈ) 2/2014/Envtl. ഉത്തരവിൽ ആവശ്യപ്പെടുന്ന തരത്തിലുള്ള (ക്വാറിയിംഗ് പെർമിറ്റ് അപേക്ഷകന് സമർപ്പിച്ചിട്ടുണ്ടെന്നും) എല്ലാ കണ്ടിഷനുകളും പാലിച്ചതിനുശേഷം പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്ന കാര്യം സെക്രട്ടറി മെമ്പർമാരെ ബോധ്യപെടുത്തിയിരുന്നുവെന്നും ഈ പരാതി, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന ശ്രീ. ആന്ത്രിയോസ്സിന്റെ കടുംപിടിത്തമൊന്നു മാത്രമാണെന്നും ടിയാൻ ബോധിപ്പിച്ചു. കേരള പഞ്ചായത്ത് രാജ് ചട്ടം 3, ഉപചട്ടം 5 പ്രകാരം ക്വാളിഫൈ ചെയ്തിട്ടുള്ള അഡ്വക്കേറ്റിൽ നിന്നും നിയമോപദേശം തേടുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യമില്ലെന്നും. പഞ്ചായത്ത് കമ്മിറ്റിയിൽ രണ്ടു ഘടകങ്ങൾ വ്യക്തമായി പ്രവർത്തിച്ചിരുന്നുവെന്നും 10.30- ന് പ്രസിഡന്റ് ക്വാറം

പരിശോധിച്ച ശേഷം യോഗം തുടങ്ങി അജണ്ട ചർച്ച ചെയ്ത യോഗത്തിൽ നിയമോപദേശം വായിച്ച യോഗത്തിൽ ഹാജരായിരുന്ന 8 മെമ്പർമാർ ചർച്ച ചെയ്ത തീരുമാനം കൈകൊണ്ടുവെന്നും തീരുമാനം കൈക്കൊണ്ടതിനു ശേഷം 11.30-ഓടുകൂടിയാണ് മറ്റൊരു വിഭാഗം എത്തിയതെന്നും അവർ സന്നിഹിതരായിരുന്നെങ്കിൽ അവർ വിയോജനക്കുറിപ്പെങ്കിലും രേഖപെടുത്തുമായിരുന്നുവെന്നും അറിയിച്ചു. പഞ്ചായത്ത് സെക്രട്ടറി പോലീസ് പ്രൊട്ടക്ഷൻ ആവശ്യപെട്ടതനുസരിച്ച് പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചിരുന്നുവെന്നും ബോധിപ്പിച്ചു. പഞ്ചായത്ത് സബ് കമ്മിറ്റി പരിശോധിച്ച മനുഷ്യനോ പ്രകൃതിക്കോ യാതൊരു ദോഷവും വരില്ലെന്ന് ഉറപ്പുവരുത്തിയ ശേഷവും നിയമോപദേശം തേടി മെമ്പർമാരെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയതിനു ശേഷവുമാണ് പഞ്ചായത്തിന് പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് നിർബന്ധിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിക്കൊടുത്ത് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കുരോപ്പട ഗ്രാമപഞ്ചായത്തിൽ ലൈസൻസ് സംബന്ധിച്ച ഫയലുകൾ എല്ലാം കൈകാര്യം ചെയ്തിരുന്നത് സെക്ഷൻ ക്ലാർക്കായിരുന്നുവെങ്കിലും പാറമടയ്ക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്നത് ശ്രീ. ജോൺ കെ. തോമസ് നേരിട്ടായിരുന്നുവെന്ന് അദ്ദേഹം പരോക്ഷമായി സമ്മതിച്ചിട്ടുണ്ട്. 27.05.2014-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി 03.06.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനം കൈക്കൊള്ളുന്നതിന് സെക്രട്ടറി തന്നെ സഹായമൊരുക്കി. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3, ഉപചട്ടം 5 പ്രകാരം ക്വാളിഫൈ ചെയ്തിട്ടുള്ള അഡ്വക്കേറ്റിൽ നിന്നും നിയമോപദേശം തേടുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യമില്ല എന്ന് സമർത്ഥിക്കുമ്പോഴും ഒരേ വിഷയത്തിൽ ഒന്നിലധികം ക്വാളിഫൈ ചെയ്തിട്ടുള്ള അഡ്വക്കേറ്റുമാരിൽ നിന്നും നിയമോപദേശം തേടുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യമില്ലെന്ന് നിർവചിക്കാനാവില്ല. പാറമടയ്ക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന WP(C) 11464/14 കേസ് നടത്തുന്ന അഭിഭാഷകൻ ശ്രീ. അശോക് എം. ചെറിയനിൽ നിന്നല്ലാതെ മറ്റൊരു അഭിഭാഷകനായ ശ്രീ. സുരേഷ് മേനോനിൽ നിന്നും നിയമോപദേശം സ്വീകരിക്കുന്നതിന് പഞ്ചായത്ത് തീരുമാനം തേടിയില്ല. അത് ക്രമപ്രകാരമല്ല. കൂടാതെ ഇതിൽ അപ്രകാരം തീരുമാനം ആവശ്യമില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി വാദിക്കുമ്പോഴും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചിലവഴിച്ച വക്കീൽ ഫീസ് ഒടുക്കേണ്ടതിനാൽ പഞ്ചായത്ത് തീരുമാനം ആവശ്യമാണ് എന്നും എന്നാൽ ആയത് പാലിച്ചിട്ടില്ല എന്നും കാണുന്നു.

17 അംഗങ്ങളുള്ള ഭരണസമിതിയിലെ ഭൂരിപക്ഷ അംഗങ്ങൾ ഉൾപ്പെട്ട സമിതി കൈക്കൊണ്ട തീരുമാനം മാറ്റുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത് 8 അംഗങ്ങളുടെ കൂട്ടായ തീരുമാനപ്രകാരമാണ്. ഹാജർ ബുക്ക് പ്രകാരം അന്നേ ദിവസം 16 അംഗങ്ങൾ ഹാജരായിരുന്നു. അതിൽ 13 അംഗങ്ങൾ 10.30-ന് തന്നെ ഹാജരുണ്ടായിരുന്നു. മേൽ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് 191 (4) അനുസരിച്ച് സ്റ്റേ ചെയ്തിരുന്നു. 23.05.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കാമെന്നുള്ള തീരുമാനം നിലനിൽക്കേ 03.06.2014-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഭൂരിപക്ഷ പിന്തുണയില്ലാതെ പാരിസ്ഥിതികാനുമതി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള തെറ്റായ തീരുമാനം എടുത്തപ്പോൾ പഞ്ചായത്തിന്റെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി അതിന് അനുകൂലമായ സമീപനം സ്വീകരിച്ചതും പാറമടയ്ക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലുള്ള WPC11464/14 കേസ് നടത്തുന്ന അഭിഭാഷകൻ ഉണ്ടായിരിക്കെ പഞ്ചായത്ത് ഫണ്ട് ചിലവഴിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെ മറ്റൊരു അഭിഭാഷകനിൽ നിന്നും നിയമോപദേശം തേടിയതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു. ഈ സാഹചര്യത്തിൽ കുരോപ്പട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരായ ആരോപണം നിലനിൽക്കുന്നതായി കണ്ട് കെ.എസ്. ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. ജോൺ കെ. തോമസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് മുൻപ് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അനിവാര്യമായതിനാൽ ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ പരാമർശം (11) പ്രകാരം ഉപദേശം ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

"പരിസ്ഥിതിയെ അതീവ ഗുരുതരമായി ബാധിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ കാണിക്കേണ്ട ജാഗ്രതയും നിയമബോധവും ഇല്ലാതെ സ്വകാര്യ മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുന്ന ഇത്തരം സർക്കാർ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതുണ്ട്. എന്നാൽ ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുക്കുമ്പോൾ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് ചെയ്യാനുള്ള നിർദ്ദേശം ലഘുശിക്ഷയാണെന്ന് ബഹു. കമ്മീഷൻ നിരീക്ഷിക്കുകയും അതോടൊപ്പം കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ജോൺ കെ. തോമസ് പ്രതിവാദ പത്രിക ലഭ്യമാക്കിയതിന് ശേഷമാണ് ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും കാണുന്നു. ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കിയിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ നടപടിക്രമങ്ങളിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ടിയാനെതിരായ അച്ചടക്ക നടപടി പൂർത്തിയാക്കേണ്ടതാണെന്ന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നു."

## File No.LSGD-EPB2/114/2015-LSGD

സർക്കാർ ഇക്കാര്യം ബഹു. കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ജോൺ കെ. തോമസിന് പ്രതിവാദ പത്രിക നൽകിയതിനുശേഷം ടിയാനെതിരായ ഔപചാരിക അന്വേഷണ റിപ്പോർട്ട് ടിയാ൯ നൽകിയിട്ടില്ലായെന്ന് ഹിയറിംഗ് വേളയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആ സമയത്ത് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് നൽകിയിട്ടുള്ളതും 31.05.2019 തീയതി രേഖപ്പെടുത്തി 16.07.2019-ൽ ടിയാൻ വിശദീകരണം നൽകിയിട്ടുള്ളതുമാണ്. ശ്രീ. ജോൺ കെ. തോമസ് സേവനത്തിൽ നിന്നും വിരമിച്ചിട്ട് 3 വർഷം കഴിഞ്ഞ സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതിരുന്നതു കണക്കിലെടുത്തും ടിയാൻ സമർപ്പിച്ച സങ്കടഹർജികൾ പരിഗണിച്ചും നിലവിലെ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള ശിക്ഷതന്നെ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. . മേൽ സാഹചര്യത്തിൽ കെ.എസ്. ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. ജോൺ കെ. തോമസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ജോൺ കെ. തോമസ്, മുൻ സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/369/2019/വിജി. തീയതി 02.09.2019 പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/114/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.05.2? 15:52:02 IST
Reason: Approved

സെക്ഷൻ ഓഫീസർ